**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആന്തൂർ നഗരസഭയ്ക്ക് തളിപ്പറമ്പ് നഗരസഭയിൽ നിന്നും ജനസംഖ്യാടിസ്ഥാനത്തിൽ അർഹതപ്പെട്ട തനത് ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2565/ 2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 30.08.2016.

പരാമർശം:- 1. ആന്തൂർ നഗരസഭ ചെയർപേഴ്സന്റെ 21.06.2016 ലെ ജി 1- 700/16 നം. കത്ത്
2. നഗരകാര്യ ഡയറക്ടറുടെ 25.06.2016-ലെ ഡിസി4-25983/15 നമ്പർ കത്ത്.

**ഉത്തരവ്**

30.04.2015 ലെ സ .ഉ (അച്ചടി ) നം.148/2015/ത സ്വ ഭ പ്രകാരം പുതുതായി രൂപീകരിച്ച ആന്തൂർ നഗരസഭയ്ക്ക് തളിപ്പറമ്പ് നഗരസഭയിൽ നിന്നും ജനസംഖ്യാടിസ്ഥാനത്തിൽ അർഹതപ്പെട്ട തനത് ഫണ്ട് അനുവദിക്കണമെന്ന് ആന്തൂർ നഗരസഭ ചെയർപേഴ്സൺ പരാമർശം ഒന്ന് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

തളിപ്പറമ്പ് നഗരസഭയുടെ രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ നിന്നും നഗരസഭയുടെ 31.10.2015 ലെ തനത് ഫണ്ട് നീക്കിയിരിപ്പ് തുക 4,58,80,821/- രൂപയാണെന്നും, ടി തുകയിൽ 1,90,60,649/- രൂപ ആന്തൂർ നഗരസഭയ്ക്ക് ലഭിക്കാൻ അർഹതയുണ്ടെന്നും, വസ്തു നികുതി ഡി&ഒ ലൈസൻസ് ഫീസ്, കടമുറികളുടെ വാടക ഡെപ്പോസിറ്റ് ഇനങ്ങളിൽ സ്വീകരിച്ച 1,58,20,406/- രൂപ കൂടി ആന്തൂർ നഗരസഭയ്ക്ക് തളിപ്പറമ്പ് നഗരസഭ നൽകേണ്ടതുണ്ടെന്നും, ഇത്തരത്തിൽ മൊത്തം 3,48,81,055/- രൂപയും നഗരസഭ രൂപീകരണ സമയത്ത് ആന്തൂർ നഗരസഭയ്ക്ക് അനുവദിച്ച 5 ലക്ഷം രൂപ തൽക്കാലം തളിപ്പറമ്പ് നഗരസഭയിൽ നിന്ന് ആന്തൂർ നഗരസഭയ്ക്ക് നല്കണമെന്നുള്ള സർക്കാർ നിർദേശപ്രകാരം ഫർണിച്ചർ വാങ്ങുന്നതിനായി 477591/- രൂപ ചെലവഴിച്ചിരുന്നതായും പ്രസ്തുത തുക സർക്കാരിൽ നിന്നും ആന്തൂർ നഗരസഭയ്ക്ക് പിന്നീട് അനുവദിച്ചു കിട്ടുന്ന പക്ഷം ആയത് തളിപ്പറമ്പ് നഗരസഭയ്ക്ക് നൽകേണ്ടതാണെന്നു വ്യവസ്ഥ ചെയ്യാവുന്നതാണെന്നും, കൂടാതെ ആന്തൂർ നഗരസഭ പരിധിയിലെ പബ്ലിക് ടാപ്പുകൾക്കായി 01.11.2015 മുതൽ തളിപ്പറമ്പ് നഗരസഭയിൽ നിന്നും അടവാക്കി വരുന്ന വെള്ളക്കരം പരസ്പരം കണക്കു ബോധ്യപ്പെടുത്തി ആന്തൂർ നഗരസഭയിൽ നിന്നും നൽകേണ്ടതാണെന്നും 01.11.2015 ന് ശേഷം 29.02.2016 വരെ ആന്തൂർ നഗരസഭയ്ക്കായി വിവിധ ഇനങ്ങളിൽ തളിപ്പറമ്പ് നഗരസഭ ചെലവഴിച്ച 38,03,904/- രൂപയും തളിപ്പറമ്പ് നഗരസഭയ്ക്ക് ആന്തൂർ നഗരസഭ നൽകേണ്ടതായുണ്ടെന്നും നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തളിപ്പറമ്പ് നഗരസഭയിൽനിന്നും വിഭജിച്ച് പുതുതായി രൂപീകരിച്ച ആന്തൂർ നഗരസഭയ്ക്ക് ജനസംഖ്യാനുപാതികമായി അർഹതപ്പെട്ട തനത് ഫണ്ട് 3,48,81,055/- രൂപ (മൂന്ന് കോടി നാൽപ്പത്തി എട്ടു ലക്ഷത്തി എൺപത്തിഒന്നായിരത്തി അൻപത്തി അഞ്ച് രൂപ മാത്രം) തളിപ്പറമ്പ് നഗരസഭയിൽനിന്നും അനുവദിക്കുന്നതിനും, ആന്തൂർ നഗരസഭ പരിധിയിലെ പബ്ലിക് ടാപ്പുകൾക്കായി തളിപ്പറമ്പ് നഗരസഭ അടവാക്കിയ വെള്ളക്കരം ആന്തൂർ നഗരസഭ നൽകുന്നതിനും (01.11.2015 മുതലുള്ള വെള്ളക്കരം ഇനത്തിൽ ചെലവഴിച്ച തുക പരസ്പരം കണക്കു ബോധ്യപ്പെടുത്തി നൽകേണ്ടതാണ്), ഫർണിച്ചർ വാങ്ങുന്നതിനു ചെലവഴിച്ച 4,77,591/- രൂപയും വിവിധ ഇനങ്ങളിൽ ചെലവഴിച്ച 38,03,904/- രൂപയും ആന്തൂർ നഗരസഭ തളിപ്പറമ്പ് നഗരസഭയ്ക്ക് നൽകുന്നതിന് വ്യവസ്ഥചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ നഗരകാര്യ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി. സുനിൽകുമാർ,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
സെക്രട്ടറി, ആന്തൂർ നഗരസഭ / തളിപ്പറമ്പ് നഗരസഭ
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കോഴിക്കോട്.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ / എൽ.ബി.എ.&എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ , സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.